മി. സ്പീക്കർ : 2004-ലെ കേരള ഭൂപരിഷ്ക്കരണ രണ്ടാം (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

6.00 P.M.

പ്രമേയം സഭ ഐകൃകണ്ഠേന അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സാക്കിയിരിക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2004-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2004-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി : ഇത് ഗവർണ്ണർ ഒപ്പിട്ട് നിയമനിർമ്മാണം ആകുന്നതുവരെ ഒഴിപ്പിക്കാൻ പാടില്ല. മൂലനിയമത്തിൽ അമെന്റ്മെന്റ് പാസ്സാക്കിയത് യാഥാർത്ഥ്യമാകണമെങ്കിൽ ഇതുകൂടി പാസ്സാക്കണം.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ പൊതു ജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

സർ, 1963-ലെ കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വിട്ടുകൊടുക്കേണ്ടതായ മിച്ചഭൂമിയാണെന്ന് പിന്നീട് കണ്ടെത്തിയ ഭൂമിയിൽനിന്ന് ഒഴിപ്പിക്കുന്നത് നിർത്തിവയ്ക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള 2004-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബില്ലിനാണ് ഞാൻ ഭേദഗതി അവതരിപ്പിച്ചത്. നമ്മൾ ഒരു ഭരണഘടനാപരമായ കടമ നിർവ്വഹിക്കുകയാണ്. ലെജിസ്ലേച്ചറിന്റെ പരമമായ ധർമ്മം നിയമം ഉണ്ടാക്കുക എന്നുള്ളതാണ്. കാലാകാലങ്ങളിൽ കാലത്തിനനുസൃതമായി നിയമങ്ങൾ നിർമ്മിക്കേണ്ടതുണ്ട്. ആ നിയമങ്ങൾ നിർമ്മിക്കുമ്പോൾ ഭരണഘടന സ്ഥാപനങ്ങളായ മറ്റ് പല സ്ഥാപനങ്ങളും ചേർന്ന ഈ വ്യവസ്ഥിതി നേരെ തന്നെ പോകേണ്ടതുണ്ട്. ഞാനൊരു പ്രധാനപ്പെട്ട കാര്യം ചൂണ്ടിക്കാണിക്കാനാണ് ഇത്രയും പറഞ്ഞത്. നമ്മൾ നടത്തിക്കൊണ്ടിരിക്കുന്ന ഈ ലെജിസ്ലേഷൻ ഡെലിഗേറ്റഡ് ലെജിസ്ലേഷനാണ്. ഉദ്യോഗസ്ഥൻമാരാണ് ഇതിന്റെ സ്കെൽറ്റൻ തയ്യാറാക്കുന്നത്. അതിന് ഫ്ളെഷും ബ്ലഡും കൊടുക്കുക എന്നുള്ളതാണ് നമ്മുടെ പ്രധാനപ്പെട്ട കർത്തവ്യം. അടുത്തകാലത്തുണ്ടായ ഒരു സംഭവം, കഴിഞ്ഞ മൂന്ന് മാസക്കാലമായി സംസ്ഥാനത്തെ നിയമവകുപ്പിന് സെക്രട്ടറി ഇല്ല. ഹൈക്കോടതിയിൽ അടുത്തകാലത്തുണ്ടായ ബ്രസീലിയൻസ് സ്പിരിറ്റ് കേസിൽ ഗവൺമെന്റിനുവേണ്ടി അഫിഡവിറ്റ് തയ്യാറാക്കി കൊടുത്ത് നിയമവകുപ്പിന്റെ തീരുമാനപ്രകാരമാണ് അത് വിട്ടുകൊടുത്തുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഹൈക്കോടതി വിധി പ്രഖ്യാപിച്ചത്. അതിനെത്തുടർന്ന് സി.ബി.ഐ. കേസ് എടുത്തിരിക്കുകയാണ്. ഇക്കാര്യത്തിൽ അഥവാ ഹൈക്കോടതി വീണ്ടും സി.ബി.ഐ. അന്വേഷണത്തിനുശേഷം എന്തെങ്കിലും തെറ്റായി കണ്ടെത്തിയാൽ അത് ഗവൺമെന്റിനെതിരായിട്ടുള്ള വ്യാഖ്യാനമായി തീർച്ചയായും മാറും. ഇത്രയും ഉന്നതമായ പദവി ഇങ്ങനെ മൂന്ന് മാസക്കാലത്തിലധികമായി ഒഴിഞ്ഞുകിടക്കുന്ന സ്ഥിതിവിശേഷമാണ്. ഇങ്ങനെയുള്ള സാഹചര്യങ്ങളിലാണ് ജുഡീഷ്യറി പലപ്പോഴും ഗവൺമെന്റ് തീരുമാനങ്ങളെ കൊട്ടുന്നത്. അതിന്റെ ഫലമായി നമ്മൾ ജുഡീഷ്യൽ ആക്റ്റിവിസം എന്ന പേര് വിളിച്ചിട്ട് കാര്യമില്ല. നമ്മൾ മാറി നിൽക്കുന്നതുകൊണ്ട് സംഭവിക്കുന്നതാണ് ഇത്. എക്സിക്യൂട്ടീവും ലെജിസ്ലേച്ചറും മാറിനിൽക്കുന്നതുകൊണ്ടാണ് പലപ്പോഴും ജുഡീഷ്യറിക്ക് ഇങ്ങനെയുള്ള ഇടപെടൽ വേണ്ടിവരുന്നത്. ഇത് ഞാൻ ആമുഖമായി സൂചിപ്പിക്കുകയാണ്. ആ അവസ്ഥ എത്രയും പെട്ടെന്ന് പരിഹരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഭൂപരിഷ്ക്കരണ നിയമം കേരളത്തിൽ നിലവിൽ വരുന്നതിന് മുൻപ്, ഒരു ദശാബ്ദ കാലത്തിന് മുൻപ് തന്നെ ഇൻഡ്യൻ ഭരണഘടനയുടെ ആദ്യത്തെ ഭേദഗതി കുറിച്ചത് ജമീന്ദാരി സമ്പ്രദായം നിർത്തലാക്കുന്നതിന് വേണ്ടിയാണ്. അപ്പോൾ ഭൂപരിഷ്ക്കരണം സംബന്ധിച്ച നിയമങ്ങൾക്കൊന്നും അടിത്തറയുണ്ടായിരുന്നു. ചങ്ങമ്പുഴ പാടിയതുപോലെ "അവശൻമാർ ആർത്തൻമാർ ആലംബഹീനൻമാർ അവരുടെ സങ്കടം ആരറിയാൻ" എന്ന് വാഴക്കുല എന്ന കവിതയിലെ ചങ്ങമ്പുഴയുടെ പ്രസിദ്ധമായ വരികൾ ജൻമിത്തത്തിനെതിരായിട്ടുള്ള, ഫ്യൂഡലിസത്തിനെതിരായിട്ടുള്ള വളരെ മനോഹരമായ ആവിഷ്ക്കാരമായിരുന്നു. ഈ സങ്കടങ്ങളൊക്കെ അറിഞ്ഞുകൊണ്ടാണ് നമ്മൾ ഭൂപരിഷ്ക്കരണ നിയമം ഇവിടെ പ്രാവർത്തികമാക്കിയത്. ആ നിയമം നിലവിൽ വന്നപ്പോൾ തന്നെ പല ജൻമിമാരും സീലിംഗ് പ്രൊവിഷൻ അനുസരിച്ച് ഭൂമി നഷ്ടപ്പെടാതിരിക്കാൻവേണ്ടി പല നടപടികളും കൈക്കൊണ്ടു. ചിലർ മിച്ചഭൂമി ആശ്രിതർക്ക് നൽകി, വില വാങ്ങിയെന്നാണ് ആധാരത്തിൽ കാണിച്ചിട്ടുള്ളത്. പക്ഷേ പലരും സത്യത്തിൽ വില നൽകിയിരുന്നില്ല. വടക്കേക്കളം പോലെയുള്ള വിശാലമായ ഭൂമിയും വിറ്റതായി രേഖയുണ്ടാക്കിയിട്ടുണ്ട്. 2200 ഏക്കർ ഭൂമി മാത്രമാണ് അവിടെയുള്ളതെങ്കിലും ഇപ്പോൾ നമ്മൾ ഇവിടെ പാസ്സാക്കിക്കഴിഞ്ഞ 2005-ലെ കേരള ഭൂപരിഷ്ക്കരണ ബില്ലിനുള്ള പൂർത്തീകരണത്തിനുവേണ്ടിയാണ് നമ്മൾ ഇത് അവതരിപ്പിക്കുന്നത്. പക്ഷേ അവിടുത്തെ 2200 ഏക്കറിൽ 600-ഓളം പേരുടെ പ്രശ്നമാണെങ്കിലും ഇന്ന് ഇപ്പോൾ കാര്യങ്ങൾ എത്തിനിൽക്കുന്നത് വളരെ കൂടുതൽ ആളുകളുടെ പ്രശ്നമായിട്ടാണ്. അത് തിരുവനന്തപുരം 11, കൊല്ലം 19, തൃശ്ശൂർ 39, പാലക്കാട് 44, കോഴിക്കോട് 104, മലപ്പുറം 75, കണ്ണൂർ 1000, കാസർഗോഡ് 34 -ഉം അടക്കം ഇപ്പോൾ എല്ലാംകൂടി 6202 പേർക്ക് ഇതിൽനിന്നും സംരക്ഷണം ലഭിക്കുകയാണ്. ഇങ്ങനെയുള്ള ഈ മിച്ചഭൂമി പ്രതിഫലം വാങ്ങിയെന്ന് ആധാരത്തിൽ പറഞ്ഞാണ് പല സ്ഥലത്തും രേഖകൾ ഉണ്ടാക്കിയിരിക്കുന്നത്. ആ തുകയ്ക്ക് ആരും ഇൻകം ടാക്സും കൊടുത്തിട്ടില്ല, സ്വത്ത് നികുതിയും കൊടുത്തിട്ടില്ല. കാലം കുറേ ആയതുകൊണ്ട് ഇതൊന്നും വെരിഫൈ ചെയ്യാൻ കഴിയുകയില്ല. ഭൂപരിഷ്ക്കരണ നിയമത്തെ തോൽപ്പിക്കുവാൻ ചെയ്ത ഏർപ്പാട് നമ്മൾ ഇന്ന് നിയമ വിധേയമാക്കുകയാണ്. സത്യത്തിൽ ഭൂപരിഷ്ക്കരണ നിയമത്തിൽനിന്നും രക്ഷപ്പെട്ട് ഇത് സ്വന്തം കൈകളിൽ ഏതെങ്കിലും രീതിയിൽ നിൽക്കുന്നതിനുവേണ്ടി ചെയ്ത ഒരു ഏർപ്പാടിനെ നിയമവിധേയമാക്കാൻ കൂട്ടുനിൽക്കുന്നു. അതിനുവേണ്ടി ഭൂപരിഷ്ക്കരണ നിയമവും

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്യുന്നു. ആ ഭേദഗതിയിൽ ഒരു വകുപ്പ് കൊണ്ടുവന്നിട്ടുണ്ട്. അതായത് ഭൂപരിഷ്ക്കരണ നിയമത്തെ തോൽപ്പിക്കുവാൻവേണ്ടി ആരെങ്കിലും മിച്ചഭൂമി വിറ്റിട്ടുണ്ടെങ്കിൽ ആ ഭൂമി കൂടി കണക്കിലെടുത്തേ ലാൻഡ് ട്രൈബ്യൂണലിന് വിറ്റ ആളിന്റെ മിച്ചഭൂമി കണക്കാക്കാവൂ എന്നാണ്. ആ വകുപ്പ് കൊണ്ടുവന്നത് എന്തുകൊണ്ടും നന്നായി. വിറ്റ മിച്ചഭൂമിക്ക് ഇൻകം ടാക്സ് കൊടുത്തോ, സെയിൽസ് ടാക്സ് കൊടുത്തോ എന്ന് പരിശോധിക്കുന്നതെങ്കിലും ലാൻഡ് ട്രൈബ്യൂണൽ നോക്കുന്ന പക്ഷം മിച്ചഭൂമി വിൽപ്പനയിലെ കള്ളക്കളി മനസ്സിലാക്കാൻ കഴിയും. ഈ വകുപ്പ് അതുകൊണ്ട് തന്നെ അഴിമതിക്ക് വളംവയ്ക്കും എന്നുള്ളതാണ് എന്റെ അഭിപ്രായം. ഇത്രയുംകാലം പിടിച്ചുനിന്ന വാക്കേക്കളം കർഷകർക്ക് ഒരു സമ്മാനം കൊടുക്കുന്നതിൽ എനിക്ക് വിരോധമില്ല. പക്ഷേ അഴിമതിക്ക് ഇടവരരുത് എന്ന് സൂചിപ്പിക്കുകയാണ്. ഭൂപരിഷ്ക്കരണത്തിന്റെ അനന്തരഫലം എന്തായി എന്ന് പരിശോധിക്കേണ്ട സമയമാണ്. ഇൻഡ്യയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും പുരോഗമനപരമായ വ്യവസ്ഥകളുള്ള ഭൂപരിഷ്ക്കരണ നിയമം പാസ്സാക്കിയതാണ് ഈ സഭ. അതിൽ ഈ സഭയ്ക്ക് എന്തുകൊണ്ടും അഭിമാനിക്കാം. കുടികിടപ്പുകാരും ഭൂഉടമകളായി, പാട്ടക്കാരും ഭൂ ഉടമകളായി, യഥാർത്ഥ കർഷകർക്ക് കൃഷിഭൂമി കിട്ടി. പക്ഷേ കേരളത്തിൽ അങ്ങോളമിങ്ങോളം കൃഷിഭൂമി തരിശായി കിടക്കുന്നു. എന്തുകൊണ്ടാണ് ഇത്? സബ്ഡിവിഷനും ഫ്രാഗ്മെന്റേഷനും കാരണം ഭൂമി തുണ്ട് ഭൂമിയായി മാറി. തുണ്ടുഭൂമിയിൽ കൃഷി ചെയ്യുന്നത് ആദായകരമല്ല. സ്വർണ്ണം വിളഞ്ഞിരുന്ന ഭൂമി ഇന്ന് തരിശ് നിലമായി. കളയും പുല്ലും കയറി മൂടി കിടക്കുകയാണ്. ഇതിനൊരു പരിഹാരം വേണം. ഇന്നിന്റെ ആവശ്യം കൺസോളിഡേഷനാണ്. കൂട്ടുകൃഷിയോ സഹകരണ കൃഷിയോവഴി കൂടുതൽ ഭൂമി കൈവശം വയ്ക്കാൻ അനുവദിച്ചുകൊണ്ട് ആദായകരമായ കൃഷി ചെയ്യാൻവേണ്ടി കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി വർദ്ധിപ്പിക്കണം. എങ്കിലേ ഇവിടെ നെൽകൃഷി എന്നല്ല മറ്റ് എന്ത് കൃഷിയും ഗുണം പിടിക്കുകയുള്ളു. മാറിയ പരിതഃസ്ഥിതിയിൽ നമുക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള മത്സരത്തെയാണ് നേരിടേണ്ടത്. ഒരു ഏക്കറും ഒന്നര ഏക്കറും കൃഷി ചെയ്യുന്നവന് അതിന് കഴിയില്ല. കൃഷി അറിയുന്നവന്റെ കയ്യിൽ ഭൂമിയില്ല, ഭൂമിയുള്ളവന് കൃഷി ചെയ്യാൻ അറിയില്ല. ഇന്ന് നിയമപ്രകാരം പാട്ടം നിരോധിച്ചിരിക്കുകയാണ്. പക്ഷേ നാട്ടിലെമ്പാടും നിയമവിരുദ്ധമായി പാട്ടവും പാട്ടകൃഷിയും നടക്കുന്നു. ഇക്കണോമിക് ആക്റ്റിവിറ്റി ഉണ്ടെങ്കിലേ ഇക്കോണമിയെ സ്റ്റിമുലേറ്റ് ചെയ്യാൻ കഴിയുകയുള്ളു. എങ്കിലേ ജോലിയും കൂലിയും ഉൽപ്പാദനവും സമൃദ്ധമായി നടക്കുകയുള്ളു. അതുകൊണ്ട് പാട്ടത്തിന്റെ നിർദ്ദേശം പുനഃപരിശോധിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. നാട്ടുകാർക്ക് വേണ്ട കാര്യങ്ങൾ സമൂഹതാൽപ്പര്യത്തിന് അനുസൃതമാണെങ്കിൽ അത് അംഗീകരിക്കണം. ഇവിടെ സഖാവ് കോടിയേരി പ്രസംഗിച്ചു. ഇത് അദ്ദേഹം ഒരു കശുവണ്ടി ഫാക്ടറിയുടെ മുൻപിൽ പ്രസംഗിക്കില്ല. അദ്ദേഹം കശുവണ്ടി കൃഷി ചെയ്യുന്ന ഭൂമിയെക്കുറിച്ചൊക്കെ ഇവിടെ സൂചിപ്പിച്ചു. ഇവിടെയുള്ള ഒരു സഖാക്കൾക്കും അത് കൊല്ലത്തെ കശുവണ്ടി ഫാക്ടറിയുടെ മുമ്പിൽ നിന്നുകൊണ്ട് പ്രസംഗിക്കാൻ കഴിയില്ല. കശുവണ്ടി കൃഷി ചെയ്തിരുന്ന ഭൂമി ആദ്യം സീലിംഗിൽ നിന്ന് ഒഴിവാക്കിയിരുന്നു. പിന്നീട് ആ സ്ഥലം സീലിംഗിന് വിധേയമാക്കി. ഇപ്പോൾ വീണ്ടും അതിനെ സീലിംഗിൽനിന്ന് ഒഴിവാക്കി. എന്താണ് കാര്യം? കശുവണ്ടി വ്യവസായം നിലനിൽക്കണമെങ്കിൽ രാജ്യത്തിന് വിദേശനാണ്യം നേടണമെങ്കിൽ അത്

LIBRARY ARCHIVES Kerala Legislative Assembly

അത്യാവശ്യമായി വന്നു. അതുപോലെ ഭൂപരിഷ്ക്കരണ നിയമത്തെപ്പറ്റി പ്രായോഗികതയുടെ അടിസ്ഥാനത്തിൽ പുനർചിന്തനം ചെയ്യണം. അതാണ് ഇന്നിന്റെ ആവശ്യം. നമ്മുടെ പരമ്പരാഗതമായ പല മേഖലയിലെയും പ്രശ്നങ്ങൾ ഇങ്ങനെ പല ഊരാക്കുടുക്കിലും പെട്ട് കിടക്കുകയാണ്. അത് പരിഹരിക്കുന്നതിന് വേണ്ടി നമ്മൾ കൂട്ടായി ഒരുമിച്ച് സജീവമായ ചർച്ചകൾ നടത്തി പരിഹരിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ നിർത്തുന്നു.

ശ്രീ. കെ. പി. മോഹനൻ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

എന്റെ നിയോജകമണ്ഡലത്തിലെ തൃപ്പങ്ങോട്ട് പഞ്ചായത്തിലെ വാഴമല, കൊളുത്തായിമല, നരിക്കോട് മല, പാത്തിക്കൽ എന്നീ പ്രദേശത്തെ ഏകദേശം അഞ്ചു പതിറ്റാണ്ടായി കൃഷിചെയ്ത് വരുന്നവരെ, അവർ കൈവശം വച്ചു വരുന്നതുമായ ഭൂമിയിൽനിന്നും അറുനൂറിൽപ്പരം കർഷകരെ കുടിയൊഴിപ്പിക്കാനുള്ള നീക്കം തടയണമെന്ന ആവശ്യമാണ് ഇത്തരത്തിലുള്ള ബില്ല് അവതരിപ്പിക്കാൻ ആധാരമായത്. 1998 മുതൽ ഇവരെ കുടിയൊഴിപ്പിക്കൽ നടപടികളിൽനിന്നു രക്ഷിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ, നിരവധി സബ്മിഷനുകൾ അതുപോലെ തന്നെ ശ്രദ്ധക്ഷണിക്കൽ എന്നിവ ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. പക്ഷേ ഇപ്പോഴും അത് ശരിക്കും പ്രാബല്യത്തിൽ വന്നിട്ടില്ല. ഭൂപരിഷ്ക്കരണ നിയമം ഭേദഗതി വരുന്നതിലൂടെ അവർകൂടി രക്ഷപ്പെടുമെന്നു വിശ്വസിക്കുകയാണ്. പക്ഷേ 2002 ജൂലായ് 24-ാം തീയതി ഞാൻ അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിൽ അങ്ങ് തന്നെ പറഞ്ഞിട്ടുണ്ട് കർഷകരെ ഒഴിപ്പിക്കാൻ പാടില്ല. അവർക്ക് സ്ഥിരാവകാശം നൽകാനുള്ള ഒരു നിയമം പാസ്സാക്കേണ്ടതുണ്ട്. അതുദ്ദേശിച്ച് ഒരു ബില്ല് തയ്യാറാക്കിയിട്ടുണ്ട്. ഇതുവരെ അത് പാസ്സാക്കിയിട്ടില്ല. അത് മാത്രമല്ല ഈ ബില്ല് പാസ്സാക്കുന്നതോടെ പ്രസ്തുത കർഷകരുടെ മുഴുവൻ ആനുകൂല്യങ്ങളും ലഭിക്കാനും സ്ഥിരാവകാശം ലഭിക്കാനും സഹായകമാവണം. ഇത് വടക്കേക്കളത്ത് മാത്രമായിരിക്കുകയാണ്. കേരളത്തിലുടനീളം ഇത്തരത്തിൽ ഒരു നിയമം പ്രാബല്യത്തിൽ വന്നാൽ ഉണ്ടാവുന്ന ദോഷഫലങ്ങൾ അത് ഇവിടുത്തെ മിച്ചഭൂമി അവകാശപ്പെട്ട സാധാരണക്കാരായ ആദിവാസികൾ അടക്കമുള്ളവർക്ക് മിച്ചഭൂമി കിട്ടാതിരിക്കാനുള്ള നടപടിയാകും എന്നു സംശയിക്കുകയാണ്. മിച്ചഭൂമിയാണെന്നു അറിയാതെ വാങ്ങി കബളിപ്പിക്കപ്പെട്ട കർഷകർക്കേ ഇത് ബാധകമാകാവു. ഈ പ്രദേശത്തെ കർഷകർ പ്രതിഫലം കൊടുത്തു വാങ്ങിയതും ആധാരം രജിസ്റ്റർ ചെയ്തു വാങ്ങിയ ഭൂമിയിലാണ് കൃഷി ചെയ്തുവരുന്നത്. ഈ പാവപ്പെട്ട കർഷകരെ കുടിയിറക്കാൻ ആയിരക്കണക്കിന് പോലീസുകാർ വന്നപ്പോൾ അന്ന് രാഷ്ട്രീയ പാർട്ടികളും അതുപോലെതന്നെ രൂപതയുടെ ആളുകളും മറ്റ് സംഘടനകളും ചേർന്നുകൊണ്ട് നടത്തിയ ചെറുത്തുനിൽപിന്റെ ഫലമായിട്ടാണ് ഉദ്യോഗസ്ഥന്മാർ പിൻമാറിയത്. അവിടെ അന്നു ചോരക്കളമാകുമായിരുന്നു. ഇപ്പോൾ നിയമ നടപടികളുടെ ഫലം കർഷകർക്ക് ലഭിക്കാൻവേണ്ടി ശ്രീ. എ. ബി. ബാലൻ പ്രസിഡന്റും ശ്രീ. വി. കെ. ദാമു സെക്രട്ടറിയുമായി എം. പി., എം.എൽ.എ.മാർ രക്ഷാധികാരികളായും ഫാദർ തൈക്കേട്ടം അടക്കമുള്ള മറ്റ് ജനപ്രതിനിധികളടക്കമുള്ള അംഗങ്ങൾ അടങ്ങിയ

LIBRARY ARCHIVES Kerala Legislative Assembly

വടക്കേക്കളം കർഷക സമിതി രൂപീകരിച്ചിട്ടുണ്ട്. അവർ നിരന്തരമായി പ്രക്ഷോഭങ്ങളും സമരങ്ങളും നടത്തുകയും അതുപോലെ തന്നെ നിവേദനങ്ങളുടെ ഫലമായി ഇപ്പോൾ വിജയത്തിൽ എത്തിക്കൊണ്ടിരിക്കുന്നു എന്നു വിശ്വസിക്കുന്ന ആളാണ് ഞാൻ. എന്നാലും ശാശ്വതമായ പരിഹാരം കാണണം. മേൽപ്പറഞ്ഞ തീയതിയിൽ ഒഴിപ്പിക്കൽ ഭീഷണി നേരിടുന്ന കർഷകർ പ്രതിഫലം കൊടുത്തു വാങ്ങിയതും ശരിയായി ആധാരം ചെയ്ത കൃഷിക്കാർക്ക് മാത്രമെ ഈ നിയമം ബാധകമാക്കാവു എന്നു ഗൗരവത്തോടു കൂടി ഞാൻ ആവശ്യപ്പെടുകയാണ്. മറിച്ച് അന്യായമായി ഭൂമി കൈവശം വയ്ക്കുന്നവർക്ക് ഇത് ബാധകമാക്കരുത്. അത് ഒരുപാട് അന്യായങ്ങൾ ഉണ്ടാക്കും. സംസ്ഥാനത്ത് അത്തരത്തിൽ കൈവശം വച്ചിരിക്കുന്ന ഒരുപാട് ആളുകളുണ്ട്. അവർക്ക് ഇത് കൊടുത്താൽ മിച്ചഭൂമി അവകാശപ്പെട്ടവർക്ക് ഇത് കിട്ടാതാകും. മിച്ചഭൂമി അവകാശപ്പെട്ടവർ എന്നു പറയുമ്പോൾ ഒരുപാട് ആളുകൾ ഇവിടെ പറഞ്ഞതുപോലെ ഭൂമിയില്ലാത്തവരായുണ്ട്. അവർക്ക് മിച്ചഭൂമി പതിച്ചുകൊടുക്കാനുള്ള നടപടികൂടി ഉണ്ടാകണം. ഇപ്പോൾ തന്നെ വടക്കേക്കളത്തു ഏകദേശം 10-300 ഓളം ഏക്കർ മിച്ചഭൂമിയായിട്ടുണ്ട്. അത് ഇവർക്ക് വീതിച്ച് കൊടുക്കാനുള്ള നടപടികളുണ്ടാകണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ മറുപടി ഒന്നുമില്ല. നമ്മൾ ആദ്യം പാസ്സാക്കിയ സെക്കന്റ് അമന്റുമെന്റും, അത് യാഥാർത്ഥ്യമാകണമെങ്കിൽ ഇതുകൂടി വേണം. ഇതിനിടയിൽ കർഷകരെ ഒഴിപ്പിച്ചുവിടാൻ ഒക്കുകയില്ല. അതുകൊണ്ട് ഒഴിപ്പിക്കരുത്, ഈ നിയമം നിലവിൽ വരുന്നതുവരെ ഒഴിപ്പിക്കാതിരിക്കണം. ഇത് പാസ്സാക്കി തരണമെന്നു അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ഇല്ല. ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. പി. മോഹനൻ, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. പി. മോഹനൻ: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ല് പരിഗണനയ്ക്കെടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2-ാം വകുപ്പ്

ഭേദഗതിയില്ല.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാം വകുപ്പ്

ശ്രീ. കെ. പി. മോഹനൻ : സർ, ഞാൻ 84, 85, 86 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(84) ഖണ്ഡം 3 (1) (എ) യിൽ "രജിസ്റ്റർ ചെയ്ത" എന്നതിനുശേഷം "രജിസ്റ്റർ ചെയ്യാത്തതോ ആയ" എന്നുകൂടി ചേർക്കേണ്ടതാണ്.

(85) ഖണ്ഡം 3 (1) (എ) യിൽ "തീറാധാരം വഴിയോ" എന്നതിനുശേഷമുള്ള "മറ്റു വിധത്തിലോ" എന്ന വാക്കുകൾ നീക്കം ചെയ്യുക.

(86) ഖണ്ഡം 3 (1) (എ) യിൽ "ചെറുകിട ഭൂമി കൈവശക്കാരനെയോ" എന്നതിനു പകരം "നാല് ഹെക്ടറിൽ കൂടുതലല്ലാതെ കൈവശം വയ്ക്കുന്നവരായ കൃഷിക്കാർ" എന്ന് ചേർക്കുക.

"തീറാധാരം വഴിയോ" എന്നതിനു ശേഷമുള്ള "മറ്റുവിധത്തിലോ എന്നുള്ള" വാക്ക് ഒഴിവാക്കണം. മറ്റു വിധത്തിലോ എന്നു പറഞ്ഞാൽ പല വിധത്തിലുമാകാം. അതുകൊണ്ട് തീറാധാരം വഴിയുള്ളത് മാത്രമെ അംഗീകരിക്കാവൂ.

ശ്രീ. കെ. എം. മാണി : ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 84, 85, 86 എന്നീ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. പി. മോഹനൻ : പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച ഭേദഗതി നിരാകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്,

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 78, 80(എ), 80(ബി), എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(78) തത്വപ്രഖ്യാപന വാക്യത്തിൽ "അൻപത്തിയഞ്ചാം സംവൽസരത്തിൽ" എന്ന വാക്കുകൾക്കുപകരം "അൻപത്തിയാറാം സംവൽസരത്തിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(80) (എ) 1-ാം ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡത്തിൽ "2004" എന്ന അക്കങ്ങൾക്കുപകരം "2005" എന്ന അക്കങ്ങൾ ചേർക്കേണ്ടതാണ്.

(80) (ബി) 1-ാം ഖണ്ഡത്തിലെ (3)-ാം ഉപഖണ്ഡത്തിൽ "2004-ലെ കേരള ഭൂപരിഷ്ക്കരണ (രണ്ടാം) ഭേദഗതി ആക്ട്" എന്ന വാക്കുകൾക്കും ബ്രാക്കറ്റുകൾക്കും അക്കങ്ങൾക്കും പകരം "2005-ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) ആക്ട്"എന്ന വാക്കുകളും ബ്രാക്കറ്റുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

ഭേദഗതികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. എം. മാണി അവതരിപ്പിച്ച 78, 80(എ), 80(ബി) എന്നീ നമ്പർ ഭേദഗതികളെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ശ്രീ. കെ. എം. മാണി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ പാസ്സാക്കി തരണമെന്ന് അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: 2004-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സാക്കിയിരിക്കുന്നു.

(2) 2005-ലെ കേരള കണ്ടിജൻസി ഫണ്ട് (ഭേദഗതി) ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2005-ലെ കേരള കണ്ടിജൻസി ഫണ്ട് (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു. ഇവിടെ നമുക്ക് എല്ലാവർക്കും അറിയാവുന്നതുപോലെ ഗവൺമെന്റിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് ഏതെങ്കിലും ഒരു പൈസ ചെലവ് ചെയ്യണമെങ്കിൽ നിയമനിർമ്മാണസഭയുടെ അംഗീകാരം വേണം. അതിനാണ് നമ്മൾ ഡിമാന്റ് ഓരോ വർഷവും അവതരിപ്പിച്ച് പാസ്സാക്കുന്നത്. പക്ഷേ .നിയമസഭയിലെ ബഡ്ജറ്റ് രീതിയിൽ, നിയമസഭയെ അംഗീകരിക്കാത്ത സാഹചര്യത്തിൽ, നിയമസഭയിൽ ബഡ്ജറ്റിനകത്ത് വകയിരുത്തിയിട്ടില്ല, പുതിയ സാഹചര്യങ്ങളുണ്ടാകും. ന്യൂ സർവീസ് വേണ്ടി വരും. സുനാമിപോലെ നമ്മൾ അക്സപ്റ്റ് ചെയ്യാത്ത ഒരു പ്രതിഭാസം ഉണ്ടായി എന്നു വരാം. അങ്ങനെയുള്ള സന്ദർഭങ്ങളിൽ നിയമസഭയുടെ വോട്ട് ചോദിച്ച് നമുക്ക് കൊണ്ടുവരാൻ കഴിയുകയില്ല. അങ്ങനെയുള്ള സാഹചര്യങ്ങളിൽ ഗവൺമെന്റിന് രൂപ ചെലവ് ചെയ്യുന്നതിനുവേണ്ടിയാണ് കണ്ടിജൻസി ഫണ്ട് സ്ഥാപിച്ചിട്ടുള്ളത്. 1957-ൽ നിയമനിർമ്മാണത്തിലൂടെയാണ് കണ്ടിജൻസി ഫണ്ട് സ്ഥാപിച്ചിട്ടുള്ളത്. അതിന്റെ കോർപ്പസ് ഇതിനുമുമ്പ് 25 കോടി രൂപയാണ്. അത് കഴിഞ്ഞ പ്രാവശ്യം ആണെന്നുണ്ടെങ്കിൽ 25 കോടി രൂപയെന്നുള്ളത് 4 കോടി രൂപയായി താണു. കണ്ടിജൻസി ഫണ്ടിൽ രൂപയൊന്നും ഇല്ലാതെ വരിക എന്നു പറഞ്ഞാൽ ചിലപ്പോൾ ഭരണ സ്തംഭനം തന്നെ ഉണ്ടാകാം. അപ്പോൾ 25 കോടി രൂപ എന്നുള്ളത് 100 കോടി രൂപയായിട്ടെങ്കിലും വർദ്ധിപ്പിച്ചെങ്കിൽ മാത്രമെ നമുക്ക് അപ്രതീക്ഷിതമായി ഏതെങ്കിലും ഒരു പുതിയ ചെലവ് വന്നാൽ അതിനെ നേരിടാനായിട്ട് കഴിയുയെന്നുള്ളതുകൊണ്ടാണ് 100 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു നിയമനിർമ്മാണത്തിന് ബില്ല് കൊണ്ടുവന്നത്. പക്ഷേ നമുക്കറിയാം, കഴിഞ്ഞ ഡിസംബർ മാസത്തിൽ സഭ ചേർന്ന ഉടൻതന്നെ നിയമസഭ പ്രൊറോഗ് ചെയ്തു പോയി. അതുകൊണ്ട് അത് അന്ന് പാസ്സാക്കാനായിട്ട് കഴിഞ്ഞില്ല. വീണ്ടും ആ ഓർഡിനൻസ് ലാപ്സായി. ആ സാഹചര്യത്തിൽ പുതിയ നിയമസഭ കൂടിയപ്പോൾ വീണ്ടും ഇത് നിയമനിർമ്മാണത്തിനുവേണ്ടി വന്നിരിക്കുകയാണ്. 25 കോടി രൂപയെന്നുള്ളത് 100 കോടി രൂപയായി വർദ്ധിപ്പിക്കണമെന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly